## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2032 — 07.03.2017 — ൽ മറുപടിക്ക്

## ബി.പി.എൽ, എ.പി.എൽ മാനദണ്ഡങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.കെ.വി.വിജയദാസ് | | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പമന്ത്രി) |
| (എ) | പുതിയ ബി.പി.എൽ /എ.പി.എൽ ലിസ്റ്റ് തയ്യാറാക്കിയതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കുമോ; | (എ) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം മുൻഗണനാ/ മുൻഗണനേതര വിഭാഗങ്ങളെ കണ്ടെത്തുകയും ആണ് ചെയ്യുന്നത്. 14.01.2011 ലെ സ.ഉ(കൈ) നം.16/2011/ത.സ്വ.ഭ.വ, 27.04.2012ലെ സ.ഉ (കൈ)നം.112/2012/ത.സ്വ.ഭ.വ , 03.12.2015 ലെ സ.ഉ(സാധാ)നം.392/15/ഭ.പൊ.വി.വ., 21.07.15 ലെ 236750/ബി3/15/ഭ.സി.സ.വ കത്ത്, 29.08.16 ലെ സ.ഉ(കൈ)നം.11/16/ഭ.പൊ.വി.വ എന്നീ രേഖകളെ അടിസ്ഥാനപ്പെടുത്തിയാണ് മാനദണ്ഡങ്ങൾ തീരുമാനിച്ചത്. |
| (ബി) | ഇക്കാര്യത്തിൽ കേന്ദ്ര ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് കേരളത്തിന് പ്രതികൂലമായി വന്നിട്ടുള്ള സാഹചര്യങ്ങൾ എന്തെല്ലാമാണ്; വിശദവിവരം നല്കുമോ; | (ബി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ തീർച്ചപ്പെടുത്തേണ്ടത് അതാത് സംസ്ഥാന സർക്കാരുകളാണ്. അതിനാൽ ഇക്കാര്യത്തിൽ കേരളത്തിന് പ്രതികൂലമായ സാഹചര്യങ്ങൾ ഉണ്ടായിട്ടില്ല. |
| (സി) | എൽ.ഡി.എഫ്. സർക്കാർ വന്നതിനു ശേഷം തയ്യാറാക്കിയിട്ടുള്ള ലിസ്റ്റിൽ അർഹതപ്പെട്ട മുഴുവൻ ജനങ്ങളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദവിവരം നല്കുമോ? | (സി) | ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുന്നതിനായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനായി റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക പ്രസിദ്ധീകരിക്കുകയും കരട് പട്ടികയിന്മേലുള്ള പരാതികളും/ ആക്ഷേപങ്ങളും പരിഹരിച്ച് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുമുണ്ട്. ടി പട്ടിക ലഭ്യമാകുന്ന മുറയ്ക്ക് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ